**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105</u>** **<u>13-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>റോഡുനവീകരണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബിയുടേതുൾപ്പെടെയുള്ള സഹായത്തോടെ റോഡുനവീകരണം ദ്രുതഗതിയിൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കിഫ്ബിയുടെ സഹായത്തോടെ റോഡ നവീകരണം നടത്തുന്ന എല്ലാ പ്രവൃത്തികളിലു ഗുണനിലവാരം പരിശോധന നടത്തുന്ന പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോ മാനുവൽ, MoRTH specification പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്നി പ്രകാരമാണ്. ഇതു കൂടാതെ കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗ പ്രവൃത്തികളിൽ ഗുണനിലാവര പരിശോധനക നടത്താറുണ്ട്.<br><br>പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തിക ഓരോഘട്ടത്തിലും ഗുണനിലവാരം ഉറ വരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലി ഉദ്യോഗസ്ഥരുടെ കർശന മേ നോട്ടത്തിലാണ് നടപ്പിലാക്കി വരുന്ന പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ല പ്രവൃത്തികൾക്കും 1st tier ഗുണനിലവാ പരിശോധനകൾ നിർബന്ധമാക്കിയിട്ടു ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാര ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്ത ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാര നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഗുണനിലവാ പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥല സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമാ ക്വാളിറ്റി പരിശോധനകൾ നടത്തുകയു പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുക |

| | | | |
|---|---|---|---|
| | | | ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനക നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതി അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതിക വരുത്തുകയും ചെയ്തുവരുന്നു. കൂടാ ഗുണനിലവാര പരിശോധനകളുടെ ഫ പ്രൈസ് സോഫ്റ്റ്.വയറി ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരി വരുന്നു. പ്രവൃത്തികളുടെ ഗുണമേ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത ക്വാളിറ്റി കൺട്രോൾ വിഭാഗതെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | അഞ്ചോ പത്തോ വർഷം ഗ്യാരന്റിയോടെ റോഡുനവീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് നൽകുന്ന ഉപരിതലത്തിന്റെ അടിസ്ഥാനത്തിൽ 25/11/2019-ലെ ജി.ഒ(പി) നം.161/2019/ഫിൻ പ്രകാരമുള്ള ഡി.എൽ.പി ഏർപ്പെടുത്തിയിട്ടുണ്ട്. നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്ക് മൂന്ന് വർഷം ഡി.എൽ.പി കാലാവധിയും, തുടർന്ന് നാല് വർഷ കാലാവധിയിൽ കരാറുകാരൻ തന്നെ പ്രസ്തുത റോഡ് പരിപാലിക്കുന്നതിനുള്ള മെയിന്റനൻസ് തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. ബി.എം &ബി.സി ഉപരിതലമായുള്ള എല്ലാ ബഡ്ജറ്റ് പ്രവൃത്തികളിലും ഈ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>നിലവിൽ കെ.ആർ.എഫ്.ബി-യുടെ കീഴിൽ വരുന്ന എല്ലാ റോഡു പ്രവർത്തികൾക്കും 3 വർഷവും, പാലം പ്രവൃത്തികൾക്ക് 5 വർഷവുമാണ് ഡിഫക്റ്റ് ലൈബലിറ്റി പിരീഡ് (DLP) നിശ്ചയിച്ചിട്ടുള്ളത്.<br><br>കെ.എസ്.റ്റി.പി റോഡുകൾക്ക് 1 വർഷത്തെ ഡി.എൽ.പി-ക്കു ശേഷം 5 വർഷത്തെ മെയിന്റനൻസ് കാലാവധിയിൽ കോൺട്രാക്ട് തുകയുടെ നാലര ശതമാനം കരാറുകാരന് നൽകി ചെയ്യുന്ന രീതിയിലാണ് കരാറുകൾ തയ്യാറാക്കുന്നത്.<br><br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് കീഴിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ ചെയ്യുന്ന EPC mode പ്രവൃത്തികൾക്ക് നിലവിൽ 5 വർഷമാണ് ഡിഫക്റ്റ് ലൈബിലിറ്റി പിരീഡ് നിഷ്കർഷിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ